# തഴവ സി.ഡി.എസിന്റെ കോവിഡ് 19 കാലത്തെ പ്രവർത്തനങ്ങൾ

മാസ്ക് നിർമ്മാണത്തിലൂടെയും വിതരണത്തിലൂടെയും കോവിഡ് 19 പ്രതിരോധം തീർക്കുകയും സമൂഹ അടുക്കള, ജനകീയ ഹോട്ടൽ,ഭക്ഷ്യകിറ്റ് വിതരണം എന്നിവയിലൂടെ ഭക്ഷ്യദൗർലഭ്യം കുറയ്ക്കുകയും ചെയ്ത് ഉത്തമ മാതൃകയായി തഴവ സി.ഡി.എസ്.

## മാസ്ക് നിർമ്മാണവും വിതരണവും

മഹാലക്ഷ്മി കുടുംബശ്രീ ആക്ടിവിറ്റി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ 250 മാസ്ക്കോളം പഞ്ചായത്തിലെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തു.






സസ്നേഹം കുടുംബശ്രീ ആക്ടിവിറ്റി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് 3000ത്തിൽപരം മാസ്ക്കുകൾ വിതരണം ചെയ്തു.

കൊല്ലം കുടുംബശ്രീ മിഷനിലേക്കും 5000ത്തിൽ പരം മാസ്ക്കുകൾ ആവശ്യപ്രകാരം നിർമ്മിച്ചു നൽകുകയുണ്ടായി. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ മെഡിക്കൽ സ്റ്റോറുകൾ എന്നിവർക്കു വിതരണം ചെയ്തു. അങ്കണവാടിവഴിയും മാസ്ക്കുകൾ വിതരണം ചെയ്തു. തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് മാസ്ക്ക് വിതരണം ചെയ്തു. കോട്ടൺ തുണികൊണ്ട് നിർമ്മിക്കുന്ന മാസ്ക്കുകൾ വീണ്ടും കഴുകി ഉപയോഗിക്കാമെന്നുള്ളതും പ്രത്യേക തയാണ്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് പരമാവധി മാസ്ക്കുകൾ നിർമ്മിക്കാമെന്ന ലക്ഷ്യത്തോടെയാണ് യൂണിറ്റുകളുടെ പ്രവർത്തനം.

 

ന്യായവിലയിൽ വ്യത്യസ്തതരം മാസ്ക്കുകൾ നിർമ്മിച്ച് വിപണിയിലെത്തിക്കാൻ ആക്ടിവിറ്റി ഗ്രൂപ്പുകൾ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു.

**<u>സമൂഹ അടുക്കളയും ജനകീയ ഹോട്ടലും</u>**



2020 മാർച്ച് 28ന് തഴവ നോർത്ത് എൽ.പി സ്ക്കൂളിൽ സമൂഹ അടുക്കള ആരംഭിച്ചു. കുടുംബശ്രീയും പഞ്ചായത്തും സംയോജിച്ചാണ് സമൂഹ അടുക്കള ആരംഭിച്ചത്. ലോക്ക് ഡൗൺകാരണം ഒറ്റപ്പെട്ടു പോയ ഒരാൾക്കും ഭക്ഷണം ലഭിക്കാത്ത സ്ഥിതി ഉണ്ടാകാതിരിക്കാനാണ് സമബഹഅടുക്കള ആരംഭിച്ചത്. വിവിധ അയൽകൂട്ടങ്ങളിൽ നിന്ന് പത്ത് സ്ത്രീകളെ കണ്ടത്തി പുതിയൊരു യൂണിറ്റ് തുടങ്ങി, ഒരാഴ്ച 5 പേർക്കാണ് ഭക്ഷണം പാകം ചെയ്യാനുള്ള അനുമതി.എല്ലാ

വിധ സുരക്ഷാമാനദണ്ഡങ്ങളും ശുചിത്വവും പാലിച്ചാണ് ഇവിടെ ഭക്ഷണം തയ്യാറാക്കുന്നത്. സമൂഹഅടുക്കളയിലേക്ക് എല്ലാ വാർഡിൽനിന്നും അരിയും സാധനങ്ങളും ജെ.എൽ.ജി ഉൾപ്പെടെ ഉൽപ്പന്നങ്ങളും സമാഹരിച്ച് കൊടുത്തു.

മുഖ്യമന്ത്രിയുടെ ധനസഹായ ഫണ്ടിലേക്ക് 15000/- രൂപ തഴവ പഞ്ചാ യത്തിലെ രണ്ടാം വാർഡിലെ കുടുംബശ്രീ ഗ്രൂപ്പുകളിൽ നിന്നും നൽകി.

കേരള കൗമുദി
SINCE 1911
Kollam 18 Apr 2020



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തഴവ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിലെ കുടുംബശ്രീ അംഗങ്ങൾ സമാഹരിച്ച തുക ആർ. രാമചന്ദ്രൻ എം.എൽ.എ ഏറ്റുവാങ്ങുന്നു

## ദുരിതാശ്വാസ നിധിയിലേക്ക് വിഷുക്കൈനീട്ടവുമായി കുടുംബശ്രീ

ഓച്ചിറ: തഴവ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിലെ കുടുംബശ്രീ അംഗങ്ങളും കുടുംബാംഗങ്ങളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്21 രൂപ വീതം വിഷുകൈ നീട്ടം നൽകി. 2021 സന്തോഷവും ഐശ്വര്യവും നിറഞ്ഞതാകാൻ വേണ്ടിയാണ്21 രൂപവീതം സമാഹരിച്ചത്. ആർ. രാമചന്ദ്രൻ എം.എൽ.എ തുക ഏറ്റുവാങ്ങി. ഗ്രാമപഞ്ചായത്തംഗം തഴവ ബിജു, സി.ഡി.എസ് അംഗം ഷാഹിദ, എ.ഡി.എസ് പ്രസിഡന്റ് ലത, സെക്രട്ടറി ശ്രീഷാ രജി, സുധർമ്മ, സീനത്ത്, രമാദേവി, ബിന്ദു തുടങ്ങിയവർ സന്നിഹിതരായിരുന്നു

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Kollam

ആശ്രയ ഗുണഭോക്താക്കൾക്ക് എ.ഡി.എസിന്റെ നേതൃത്വത്തിൽ മരുന്ന് കിറ്റ് വിതരണം ചെയ്തു.




എ.ഡി.എസ് അഫിലിയേഷനിൽ നിന്ന് പണം കണ്ടെത്തി 150 ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു.



തഴവ രണ്ടാം വാർഡിൽ അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ഭക്ഷ്യധാന്യ വിതരണോദ്ഘാടനം ഗ്രാമ പഞ്ചായത്ത് അംഗം തഴവ ബിജു നിർവഹിക്കുന്നു

## ഭക്ഷ്യധാന്യ വിതരണം നടത്തി

തഴവ: തഴവ രണ്ടാം വാർഡ് കുടുംബശ്രീ യൂണിറ്റ് അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യധാന്യ ങ്ങ വിതരണം ചെയ്തു. ഗ്രാമ പഞ്ചായത്ത് അംഗം തഴവ ബിജു വിതരണോദ്ഘാടനം നിർവഹിച്ചു